# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5715 — 28-03-2018-ൽ മറുപടിക്ക്

## സംസ്ഥാനത്തെ വിവരസാങ്കേതിക വ്യവസായ കേന്ദ്രമായി ഉയർത്തുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം. സ്വരാജ്<br>ശ്രീമതി യു. പ്രതിഭ ഹരി<br>ശ്രീ.വി. ജോയി<br>,, കെ. ബാബു | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്തെ വിവര സാങ്കേതിക വ്യവസായ കേന്ദ്രമാക്കി മാറ്റുന്നത് ലക്ഷ്യമിട്ട് നടന്ന ആഗോള ഡിജിറ്റൽ ഉച്ചകോടിയിൽ ഉയർന്ന പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് അറിയിക്കാമോ; | എ) | ആഗോള ഡിജിറ്റൽ ഉച്ചകോടിയിൽ ഉയർന്ന പ്രധാന നിർദ്ദേശങ്ങൾ താഴെപ്പറയുന്നു.<br>1. ഇന്ത്യയിലെയും, ഇന്ത്യക്ക് പുറത്തുമുള്ള വിവിധ ഐ.ടി സ്ഥാപനങ്ങളിൽ ഉന്നത തലങ്ങളിൽ ജോലി ചെയ്യുന്ന വ്യക്തികൾക്ക് ഒരുമിച്ച് പ്രവർത്തിക്കാൻ ഉതകുന്ന രീതിയിൽ ഒരു ഡിജിറ്റൽ വേദി സൃഷ്ടിക്കുക.<br>2. ഇതിലൂടെ കേരളത്തിന്റെ സാദ്ധ്യതകളും വിവര സാങ്കേതിക രംഗത്ത് കേരളം കൈവരിച്ചിട്ടുള്ള നേട്ടങ്ങളും കാലാകാലങ്ങളിൽ ഇത്തരം വ്യക്തികളുടേയും, സ്ഥാപനങ്ങളുടെയും ശ്രദ്ധയിൽ കൊണ്ടുവരുക.<br>3. ആയതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ സംരംഭങ്ങൾ ആരംഭിക്കാനും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും വഴിയൊരുക്കുക. |

| | | | |
|---|---|---|---|
| | | | 4. പുതിയ സാങ്കേതിക വിദ്യകൾ സാധാരണ രീയിതിയിലുള്ള ബിസിനസ്സുകളെ കാര്യമായി സ്വാധീ-നിക്കുന്നതെങ്ങനെയെന്ന് ഇതര മേഖലയിൽ കേരളത്തിൽ പ്രവർത്തിക്കുന്ന സംരംഭങ്ങളുടെ ശ്രദ്ധയിൽ കൊണ്ടുവരിക.<br>5. ഇത്തരം മാറ്റങ്ങൾ ഉൾക്കൊള്ളാനും അതനുസരിച്ച് ഇടപെടലുകൾ നടത്താനും കേരളത്തിൽ പ്രവർത്തിക്കുന്ന ഐ.ടി മേഖലയിലെ കമ്പനികൾക്കും സ്റ്റാർട്ട് അപ്പ് കമ്പനികൾക്കും സാദ്ധ്യതയും, അവസരവും ഒരുക്കുക.<br>6. കേരളത്തിലെ സ്റ്റാർട്ട് അപ്പ് കമ്പനികൾക്ക് കേരളത്തിലെയും, ഇന്ത്യയിലെയും, അന്താരാഷ്ട്രതലത്തിലെയും കമ്പനികളുമായി നിരന്തരം ഇടപഴകാൻ അവസരമൊരുക്കുക.<br>7. മേൽ ലക്ഷ്യങ്ങൾ കൈവരിക്കാൻ ഉതകുന്ന രീതിയിൽ ഒരു സ്ഥായിയായ വേദിയായി ഡിജിറ്റൽ ഉച്ചകോടിയെ പരിവർത്തിതപ്പെടുത്തുക. |
| ബി) | ഡിജിറ്റൽ രംഗത്തെ നൂതനാശയ-ങ്ങൾക്കും നിക്ഷേപങ്ങൾക്കും അനുകൂല ഹബ്ബായി സംസ്ഥാനത്തെ മാറ്റിത്തീർക്കാൻ നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ; | ബി) | ഡിജിറ്റൽ രംഗത്തെ നൂതനാശയങ്ങൾക്കും, നിക്ഷേപങ്ങൾക്കും അനുകൂല ഹബ്ബായി സംസ്ഥാനത്തെ മാറ്റുന്നതിനായി നിരവധി പദ്ധതികൾ സംസ്ഥാന സർക്കാരിന്റെ പുതിയ ഐ.ടി നയത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | വാർത്താവിനിമയം മറ്റു പ്രധാന മേഖലകൾ എന്നിവയിൽ ഡിജിറ്റൽ രംഗത്തെ ഏറ്റവും പുതിയ പ്രവണതകൾ പൊതുജനസേവനങ്ങൾക്കായി പ്രയോജനപ്പെടുത്തുന്നതുമായി ബന്ധപ്പെട്ടുള്ള ഡിജിറ്റൽ സർക്കാർ ഉപദേശക സമിതി (HPIC-Highpower IT Committee) സർക്കാർ രൂപീകരിച്ചിട്ടുണ്ട്. അത്യാധുനിക മേഖലകളിലുള്ള അറിവും, പരിജ്ഞാനവും, വൈദഗ്ദ്യവുമുള്ള ആളുകളെ ഉൾക്കൊള്ളിച്ചു കൊണ്ടാണ് ഈ ഹൈ പവർ കമ്മിറ്റി രൂപീകരിച്ചിരിക്കുന്നത്.<br>ഹൈപവർ ഐ.ടി. കമ്മിറ്റിയുടെ ഒരു പ്രധാന നിർദ്ദേശമായിരുന്നു വിവര സാങ്കേതിക വിദ്യ രംഗത്ത് വ്യക്തിമുദ്ര പതിപ്പിച്ച പ്രമുഖ വ്യക്തികൾ, പ്രമുഖ വ്യവസായികൾ, പ്രൊഫസർമാർ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് രണ്ടു കൊല്ലത്തിൽ ഒരിക്കൽ കേരളത്തിൽ വെച്ച് ഹാഷ് ടാഗ് ഫ്യൂച്ചർ എന്ന ആഗോള സമ്മേളനം നടത്തുക എന്നത്. അതിന്റെ ഭാഗമായി ഹാഷ് ടാഗ് ഫ്യൂച്ചറിന്റെ ആദ്യത്തെ സമ്മേളനമാണ് മാർച്ച് 22,23 തീയതികളിൽ കൊച്ചിയിൽ നടന്നത്.<br>ഡിജിറ്റൽ ടെക്നോളജി പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ടുള്ള ഡിജിറ്റൽ ഭരണ സംവിധാനം (ഇ-ഗവേണൻസ്), ഡിജിറ്റൽ സാക്ഷരത, ഡിജിറ്റൽ കൊമേഴ്സ്, ഡിജിറ്റൽ ഇൻക്ലൂഷൻ തുടങ്ങി നിരവധി മേഖലകളിൽ പുതിയ വ്യവസായ |

| | | | |
|---|---|---|---|
| | | | സാധ്യതകൾ കണ്ടെത്താനും സംസ്ഥാനത്ത് 3 പാർക്കുകളിൽ ഇത്തരം നൂതന ടെക്നോളജി ഏരിയ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്നതിനായി സൈബർപാർക്കിന് മൊബൈൽ സൊല്യൂഷൻസിന്റെ ഹബ്ബായും ഇൻഫോ പാർക്കിന് IoT (Internet of Things) യും ടെക്നോപാർക്ക് നോളഡ്ജ്സിറ്റി ആന്റ് സെന്റർ ഓഫ് എക്സലൻസ് ആയി പ്രവർത്തിക്കുന്നതിനുള്ള പദ്ധതി കൾ സ്വീകരിച്ചുവരുന്നു. |

**സെക്ഷൻ ഓഫീസർ**